# GOOD WORK DONE BY KANNUR POLICE

## ആത്മഹത്യയിൽ നിന്നു രക്ഷിച്ച കാക്കിക്കരുത്ത്

**ക്വാറന്റീനിൽ കഴിയവേ ആത്മഹത്യയ്ക്കു ശ്രമിച്ച യുവാവിനെ രക്ഷിച്ച് പാനൂർ പ്രിൻസിപ്പൽ എസ്ഐ**

പാനൂർ ● ക്വാറന്റീനിൽ കഴിയവേ ആത്മഹത്യയ്ക്കു ശ്രമിച്ചയാളുടെ രക്ഷകനായി പാനൂർ പ്രിൻസിപ്പൽ എസ്ഐ കെ.വി.ഗണേശൻ. തൂങ്ങിമരിച്ചെന്ന വിവരം ലഭിച്ചെത്തിയ എസ്ഐ, ജീവൻ ബാക്കിയുണ്ടെന്നു തിരിച്ചറിഞ്ഞു പ്രഥമശുശ്രൂഷ നൽകുകയായിരുന്നു.

ഗൾഫിൽനിന്നു നാലിന് നാട്ടിലെത്തിയ പാത്തിപ്പാലം സ്വദേശി വീട്ടിൽ ക്വാറന്റീനിലായിരുന്നു. ഇന്നലെ രാവിലെ 11നു ഭക്ഷണവുമായെത്തിയ മാതാവാണു കഴുത്തിൽ തുണിയുടെ കുരുക്കുമായി വീണു കിടക്കുന്ന ആളെ കണ്ടത്. വീടിനുള്ളിലെ ഫാനിൽ തൂങ്ങിമരിക്കാനുള്ള ശ്രമത്തിനിടെയാണു താഴെ വീണത്. പന്ത്രണ്ടോടെ എസ്ഐ ഗണേശനു വിവരം നൽകുന്നത് അയൽക്കാരനാണ്. 10 മിനിറ്റിനകം എസ്ഐ സ്ഥലത്തെത്തി. കമഴ്ന്നു കിടക്കുന്ന നിലയിലായിരുന്നു ശരീരം. നടപടിക്രമത്തിന്റെ ഭാഗമായി മൊബൈലിൽ ചിത്രം പകർത്തുന്നതിനിടെയാണു നേരിയ ചലനം കണ്ടത്. ഉടൻഎസ്ഐ ആരോഗ്യപ്രവർത്തകന്റെ റോളിലേക്കു മാറി. പിപിഇ കിറ്റ് വാഹനത്തിലുണ്ടായിരുന്നെങ്കിലും അതെടുക്കാനുള്ള സമയമില്ലായിരുന്നു.



കെ.വി. ഗണേശൻ.

നെഞ്ചിൽ കൈപ്പത്തി അമർത്തി സിപിആർ നൽകി. ശ്വാസോച്ഛ്വാസം ഏതാണ്ടു സാധാരണ നിലയിലാകുന്നതുവരെ ഇതു തുടർന്നു. പിന്നീട് പാനൂർ സിഎച്ച്സിയിലെത്തിച്ചു. പ്രാഥമിക ചികിത്സ നൽകി തലശ്ശേരി ജനറൽ ആശുപത്രിയിലേക്കു മാറ്റി. അപകടനില തരണം ചെയ്തിട്ടുണ്ട്. എസ്ഐയും സംഘത്തിലുണ്ടായിരുന്ന 6 പൊലീസുകാരും സഹായിച്ച രണ്ടു നാട്ടുകാരും ക്വാറന്റീനിൽ പ്രവേശിച്ചു. യുവാവിന്റെ കോവിഡ് പരിശോധനാഫലം വരുന്നതുവരെ ഇവർ നിരീക്ഷണത്തിൽ തുടരും. സാമ്പത്തിക പ്രശ്നമാണ് ആത്മഹത്യാശ്രമത്തിനു കാരണമെന്നു കരുതുന്നു.